പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5238 | 24.10.2011- ലെ മറുപടി

## വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി ദീർഘദൂര സർവ്വീസ്

ചോദ്യം | ഉത്തരം

ശ്രീ. എസ്. ശർമ്മ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി ദീർഘദൂര സർവ്വീസ് നിലവിലില്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. ദീർഘദൂര സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചു വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ പരാതികളോ, നിവേദനങ്ങളോ ലഭിച്ചിട്ടില്ല. |
| (ബി) | എറണാകുളം ജില്ലയെ തെക്കു - വടക്കു ജില്ലകളുമായി ബന്ധപ്പെടുത്തി രാത്രി കാലത്ത് ദീർഘദൂര സർവ്വീസുകൾ നിലവിലുണ്ടോ ; എങ്കിൽ ഇതിൽ എത്ര സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി ഒരു ദീർഘദൂര രാത്രികാല സർവ്വീസും നിലവിലില്ല. |
| (സി) | രാത്രികാല യാത്രാക്ലേശം ഒഴിവാക്കുന്നതിന് ഇത്തരം ദീർഘദൂര സർവ്വീസുകളിൽ ചിലത് വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ തെക്ക് - വടക്ക് ജില്ലകളിൽ നിന്നും വരുന്ന രാത്രികാല സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചു വിട്ടാൽ പ്രസ്തുത സർവ്വീസുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് സമയ നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതാണ്. ആയതിനാൽ അത്തരം രാത്രികാല സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചു വിടുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ